DESPATCHED
On. 14/02/2020

10-1-20.



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

## ഹർജി നമ്പർ CP No. 1406(6)/2015/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.19192/എസ്.ഐ.സി–ജി 5/2015

സന്നിഹിതൻ

ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ.എൻ.വി. സജിമോൻ,<br>നന്നംകേരിൽ വീട്ടിൽ, മുഹമ്മ പി.ഒ.,<br>വാർഡ്–14, ആലപ്പുഴ | പരാതി ഹർജിക്കാരൻ |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>വില്ലേജ് ഓഫീസർ, വില്ലേജ് ഓഫീസ്,<br>തണ്ണീർമുക്കം തെക്ക്, ആലപ്പുഴ | എതിർകക്ഷി |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 30/10/2015 |
| മറുപടി ലഭ്യമാക്കിയ തീയതി/ | 27/11/2015 |
| കമ്മീഷനിൽ പരാതിഹർജി നൽകിയ തീയതി | 18/12/2015 |
| കമ്മീഷനിൽ പരാതിഹർജി ലഭ്യമായ തീയതി | 21/12/2015 |
| ഹിയറിംഗ് തീയതിയും സ്ഥലവും | 07/01/2020<br>വീഡിയോ കോൺഫറൻസ് ഹാൾ, കളക്ട്രേറ്റ്, ആലപ്പുഴ |
| ഹിയറിംഗിലെ സാന്നിധ്യം: പരാതി ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ.സജിമോൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ നാളിതുവരെ ടിയാൻ ആവശ്യപ്പെട്ട രേഖകൾ നൽകുകയോ രേഖകൾ നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കുകയോ ചെയ്തിട്ടില്ല എന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്.

i) തണ്ണീർമുക്കം തെക്ക് വില്ലേജ് ഓഫീസിന് മുൻവശം മിൽമ സൊസൈറ്റി റോഡിന് സമീപം അപകടാവസ്ഥയിൽ നിൽക്കുന്ന തണൽമരങ്ങൾ മുറിച്ച് മാറ്റുന്നത് സംബന്ധിച്ച് 29/06/2015 തീയതി ടിയാൻ സമർപ്പിച്ച പരാതിയിന്മേൽ അന്വേഷണം നടത്തിയ ഉദ്യോഗസ്ഥന്റെ പേരും സ്ഥാനവും നൽകണമെന്നും

ii) അന്വേഷണ റിപ്പോർട്ട് മേലധികാരിക്ക് അയച്ചു കൊടുത്തിട്ടുണ്ടോ എന്നും ആയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകണമെന്നും മറ്റുമായി 4 ഇനങ്ങളിലായുള്ള വിവരങ്ങളാണ്

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ 27/11/2015 തീയതി മറുപടി അയച്ചു നൽകിയിരുന്നു എന്നും ആയതിന്റെ പകർപ്പ് കമ്മീഷൻ മുമ്പാകെ ഹാജരാക്കുന്നു എന്നുമാണ്.

4. ഹർജിക്കാരന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം ടിയാന്റെ അപേക്ഷയിന്മേൽ മറുപടി ഒന്നും ലഭിച്ചിട്ടില്ല എന്നാണ്. ആയത് ഹർജിക്കാരൻ അയച്ചു നൽകിയിട്ടുള്ളതായി എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചിട്ടുണ്ടെങ്കിലും മേൽപ്പടി മറുപടി ഹർജിക്കാരന് ലഭിച്ചിട്ടില്ല എന്ന് ടിയാൻ പ്രസ്താവിച്ചിട്ടുള്ളതിനാൽ, മേൽപ്പടി മറുപടിയുടെ പകർപ്പ് ഒരിക്കൽ കൂടി ഹർജിക്കാരന് ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസങ്ങൾക്കുള്ളിൽ അയച്ചു കൊടുക്കണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 10-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
**വിൻസൻ എം. പോൾ**
**മുഖ്യ വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

bm

RIGHT TO INFORMATION